സംയോജിത ഗ്രാമ വികസന പരിപാടി

* 43 [46] ശ്രീ. ചടയൻ ഗോവിന്ദൻ:

,, സി. വാസുദേവമേനോൻ:

,, കെ. അനിരുദ്ധൻ:

,, എം. സത്യനേശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ഗ്രാമവികസന പരിപാടിയുടെ നടത്തിപ്പിന്റെ ഇന്നത്തെ നിലയെന്ത്;

(ബി) ഈ പരിപാടി നടപ്പാക്കുന്നതിൽ പ്രധാന പങ്കു വഹിക്കേണ്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഈ ആവശ്യത്തിന് നിയമിച്ചിട്ടില്ലെന്നത് ശരിയാണോ;

(സി) എങ്കിൽ അതിന് കാരണമെന്ത്;

(ഡി) ഈ പരിപാടി നടപ്പിലാക്കാൻ ചുമതലപ്പെട്ട വി. ഇ. ഒ.-മാരിൽ വളരെയധികം പേരെ കൃഷിവകുപ്പിലേക്ക് മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പരിപാടി നടപ്പാക്കാൻ ആവശ്യമായ വി. ഇ. ഒ.-മാർ ഇല്ലാതിരിക്കെ അവരെ കൃഷി വകുപ്പിലേക്ക് മാറ്റുന്നതെന്തുകൊണ്ടാണ്?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഇപ്പോൾ 63 ബ്ലോക്കുകളിൽ കേന്ദ്ര സഹായത്തോടെയും 37 ബ്ലോക്കുകളിൽ സംസ്ഥാന പദ്ധതിയുടെ ഭാഗമായും സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കുന്നുണ്ട്.

(ബി) മുഴുവനും ശരിയല്ല.

(സി) സാമ്പത്തിക പരിമിതിയാണ്.

(ഡി) തീരുമാനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആ തീരുമാനം പുനഃപരിശോധിച്ചുവരികയാണ്.

(ഇ) 'ഡി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ചടയൻ ഗോവിന്ദൻ: സർ, സംയോജിത ഗ്രാമവികസന പദ്ധതി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ വി. ഇ. ഒ.-മാർ ഇന്നു നിലവിലില്ലെന്നിരിക്കെ ഇത്തരം വി. ഇ. ഒ.-മാരെ കൃഷിവകുപ്പിലേക്ക് മാറ്റാൻ എടുത്തിട്ടുള്ള തീരുമാനം എന്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നു വ്യക്തമാക്കാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഭരണപരമായ ചില കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. അതുകൊണ്ട് ബ്ലോക്കുകളുടെ പ്രവർത്തനത്തിൽ ഒന്നും തടസ്സം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചടയൻ ഗോവിന്ദൻ: സംയോജിത ഗ്രാമവികസന പദ്ധതികളിൽ ഇന്നുള്ള വി. ഇ. ഒ.-മാർ തന്നെ കൂടുതലാണെന്നാണോ ഇപ്പറഞ്ഞതിന്റെ അർത്ഥം?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെ തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ചടയൻ ഗോവിന്ദൻ: പുനഃപരിശോധന നടത്തി എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. തീരുമാനം എടുത്തിട്ടില്ലെങ്കിൽ പിന്നെ പുനഃപരിശോധന നടത്തേണ്ട ആവശ്യമുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെയൊരു ഡിസ്ക്ഷൻ വന്നു. അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ എടുക്കേണ്ടിവന്നു. അതു സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഡെഫനിറ്റായ തീരുമാനം എടുത്തിട്ടില്ല.

ശ്രീ. സി. വാസുദേവമേനോൻ: സംയോജിത ഗ്രാമവികസന പരിപാടികൾ നടപ്പിലാക്കുന്നതിന് ബ്ലോക്കുകൾ തെരഞ്ഞെടുത്തത് എന്ത് അടിസ്ഥാനത്തിലാണ്? പ്രത്യേക മാനദണ്ഡം വല്ലതും ഉണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഗൈഡ്ലൈൻ അനുസരിച്ചാണ്. സാമ്പത്തികാടിസ്ഥാനം ബ്ലോക്കുകളുടെ പിന്നോക്കാവസ്ഥ ഇതെല്ലാം കണക്കാക്കിയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

ശ്രീ. സി. വാസുദേവമേനോൻ: കേന്ദ്രഗവൺമെന്റിന്റെ ഗൈഡ് ലൈൻ അനുസരിച്ചാണെന്നു പറഞ്ഞു. അതനുസരിച്ച് പിന്നോക്കാവസ്ഥ, പ്രത്യേക പരിതഃസ്ഥിതി ഇതെല്ലാം കണക്കിലെടുത്താണെന്നു പറഞ്ഞു. ആ കണക്കുകൾ സർക്കാരിന്റെ കയ്യിൽ ഉണ്ടെങ്കിൽ അതു മേശപ്പുറത്തു വയ്ക്കാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു പരിശോധിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. കെ. അനിരുദ്ധൻ: സംയോജിത ഗ്രാമവികസന പദ്ധതിയെക്കുറിച്ച് ഒരു വിവരവും ഇല്ല, അതിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് പിടിയും ഇല്ല. മറുപടി കിട്ടുന്നതുമില്ല. ചുരുക്കം, സംസ്ഥാനഗവൺമെന്റ് ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു; കേന്ദ്രഗവൺമെന്റിൽ നിന്ന് അതിലേക്ക് എന്തു സഹായം ഉണ്ടാകും; വേൾഡ് ബാങ്കിൽ നിന്നോ മറ്റോ എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പ്രത്യേക ചോദ്യം ചോദിച്ചാലേ വിവരങ്ങൾ ശേഖരിച്ച് മറുപടി പറയാൻ പറ്റുകയുള്ളൂ.

ശ്രീ. എം. സത്യനേശൻ: സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കാൻ വി. ഇ. ഒ.-മാരെ കൃഷി ഡിപ്പാർട്ടുമെന്റിലേക്ക് മാറ്റാൻ തീരുമാനിച്ചിരുന്നു. അതിന് എതിർപ്പ് വന്നപ്പോൾ തിരികെ നിയമിച്ചുവെന്നു പറഞ്ഞ് വാർത്തകൾ ഉണ്ടായിരുന്നു. ഇങ്ങനെ ഗ്രാമവികസന പരിപാടികൾ നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻമാരെ കൃഷി വകുപ്പിലേക്ക് മാറ്റാൻ തീരുമാനം എടുത്തതിന്റെ കാരണം എന്താണ്? ഇതു പുനഃപരിശോധന ചെയ്യേണ്ടിവന്ന കാര്യം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദാമോദരൻ കാളാശ്ശേരി: ട്രെയിനിംഗ് ആൻഡ് വിസിറ്റിംഗ് പ്രോഗ്രാമനുസരിച്ച് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഗ്രാമ വികസനരംഗത്ത് സാമ്പത്തികമായ സഹായങ്ങൾ ചെയ്യുന്ന പരിപാടി ഉണ്ടായിരുന്നു. അതു ഗവൺമെന്റിന്റെ മുമ്പിൽ ഉണ്ട്. ആ പരിപാടി നടപ്പിൽ വരുത്തുന്നതിനുവേണ്ടി കുറെ പരിചയസമ്പന്നൻമാരായ ഉദ്യോഗ സ്ഥൻമാരെ ആവശ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് ഈ വിധ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടിവന്നതും തീരുമാനം എടുക്കേണ്ടിയും വന്നിട്ടുള്ളത്.

ശ്രീ. എം. സത്യനേശൻ: ഈ വി. ഇ. ഒ. മാരെ കാർഷിക വകുപ്പി ലേക്ക് മാറ്റാൻ തീരുമാനം എടുക്കാൻവേണ്ടി കോഴവാങ്ങിയെന്നോ; അഴിമതി എന്തോ നടന്നിട്ടുണ്ടെന്നോ പത്രത്തിൽ വാർത്ത ഉണ്ടായിരുന്നു. അതു ശരിയാണോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു ശരിയല്ല.

ശ്രീ. പി. പി. എസ്തോസ്: 'എ' എന്ന ചോദ്യം വളരെ പ്രധാന മാണ്. സംയോജിത ഗ്രാമവികസന പരിപാടികളുടെ ഇന്നത്തെ നില എന്താണ്? ആ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് യാതൊരു മറുപടിയും കിട്ടിയിട്ടില്ല. സംയോജിത ഗ്രാമവികസന പരിപാടിയുടെ ഇന്നത്തെ നില എന്താണ് എന്നതിനെ സംബന്ധിച്ച് വളരെയേറെ വിമർശന ങ്ങൾക്ക് വിധേയമായിട്ടുള്ളതാണ്. വളരെക്കാലമായി അതിന്റെ പ്രവർത്ത നങ്ങൾ ആരംഭിച്ചിരിക്കുന്നു എന്നു പത്രത്തിൽ വന്നതല്ലാതെ ഞാൻ ഉൾപ്പെട്ട എറണാകുളം ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ ഈ പരിപാടി ആരംഭിച്ചിട്ടില്ല എന്ന വസ്തുത മന്ത്രിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? അതിന്റെ നടപടികളെ സംബന്ധിച്ച് വിശദീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗ്രാമവികസന പരിപാടികൾ എല്ലാ ബ്ലോക്കുകളിലും നടപ്പിൽ വരുത്തിയിട്ടുണ്ട്. ബ്ലോക്കുകളുടെ എല്ലാം പ്രവർത്തനത്തിൽ വളരെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാ ക്കാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സംയോജിത ഗ്രാമവികസന പരിപാടികൾ നടപ്പിലാക്കുന്ന ബ്ലോക്കുകൾക്ക് ഗവൺമെന്റ് സബ്സിഡി കൊടുക്കുന്നത് അഞ്ചുലക്ഷം രൂപയാണ്. അഞ്ചുലക്ഷത്തിന്റെ നാലിരട്ടി 20 ലക്ഷം രൂപയാണ് ബ്ലോക്കുകളിൽ ചെലവഴിക്കുന്നത്. ഈ സംഖ്യ പൂർണ്ണമായി ചെലവഴിക്കാനുള്ള സ്റ്റാഫ് ഇല്ല എന്ന വസ്തുത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെ ചില പരാതികൾ കിട്ടി യിട്ടുണ്ട്. ഗവൺമെന്റ് അതു പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ആ പരാതികൾക്ക് പരിഹാരം കാണുന്നതാണ്.

ശ്രീ. ടി. എ. പരമൻ: അഗ്രിക്കൾച്ചറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാ മനുസരിച്ച് നിയമിച്ച വി. ഇ. ഒ. മാരെ ട്രാൻസ്ഫർ ചെയ്തപ്പോൾ ഐ. ആർ. ഡി. പി. പ്രോഗ്രാം ഇല്ലാത്ത ബ്ലോക്കുകളിൽ നിന്നും ട്രാൻസ്ഫർ ചെയ്യാതെ ഐ. ആർ. ഡി. പി. പ്രോഗ്രാം ഉള്ള ബ്ലോക്കുകളിൽ നിന്നും ട്രാൻസ്ഫർ ചെയ്ത ബ്ലോക്കുകളുടെ പ്രവർത്തനം തകരാറിലാ ക്കിയതിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: സംയോജിത ഗ്രാമവികസന പരിപാടി, വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ട്രെയിനിംഗ് ആൻഡ് വിസിറ്റിംഗ് പ്രോഗ്രാമനുസരിച്ച് മറ്റു സംസ്ഥാനങ്ങളിൽ ഫലവൃക്ഷത്തൈകളും കൊടുക്കുക, കീടനാശിനികളും കൊടുക്കുക തുടങ്ങിയവയാണ് ചെയ്യുന്നത്. ഇവിടെ മുന്നൂറു ഗസറ്റഡ് ഉദ്യോഗസ്ഥൻമാരാകുന്ന വെള്ളാനകളെ സൃഷ്ടിച്ചുകൊണ്ടു ആ പദ്ധതിയുടെ പ്രയോജനം ദുരുപയോഗപ്പെടുത്തലാണോ ചെയ്യുന്നത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു തെറ്റായ ഒരു പ്രചരണം ആണ്. ഗവൺമെന്റ് ജനദ്രോഹപരമായ നടപടിയാണ് സ്വീകരിക്കുന്നത് എന്ന് ഇടയ്ക്കിടക്ക് പബ്ലിസിറ്റി കൊടുക്കലാണ് ഇത്.

ശ്രീ. കെ. സുകുമാരനുണ്ണി: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, 63-ം 37-ം ബ്ലോക്കുകളിൽ ഈ പരിപാടി നടപ്പിലാക്കിയിട്ടുണ്ട് എന്നാണ്. ഈ പദ്ധതിമൂലം ആ പ്രദേശത്ത് എന്തു അഭിവൃദ്ധിയാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഓരോ പ്രദേശത്തേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആൾക്കാരുടെ ആവശ്യം മനസ്സിലാക്കിക്കൊണ്ട് അവരുടെ പാരമ്പര്യ തൊഴിലിനുള്ള സാമ്പത്തികസഹായവും കാർഷിക വിഭവങ്ങളും, കന്നുകാലി വളർത്തൽ, പമ്പുസെറ്റു വിതരണം ഇങ്ങനെ നിരവധി സഹായങ്ങളും കൊടുക്കുന്നു. ഇതാണ് ഗ്രാമസംയോജിത പരിപാടി മൂലം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്.

ഹരിജന–ഗിരിജനക്ഷേമ പദ്ധതികൾ

* 44 [47] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979–80 സാമ്പത്തിക വർഷത്തിൽ ഹരിജന ഗിരിജനക്ഷേമത്തെ ലാക്കാക്കിക്കൊണ്ട് ഏതെല്ലാം പദ്ധതികൾ ആണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതികൾക്ക് മൊത്തം എന്തു തുക ചെലവാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി:)

(എ) ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കു പുറമേ താഴെ പറയുന്ന പുതിയ പദ്ധതികൾ കൂടി ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

(1) പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവീസ് കമ്മീഷൻ അപേക്ഷാഫാറത്തിന് ഫീസ് ഈടാക്കുന്ന സമ്പ്രദായം നിറുത്തലാക്കൽ.

LIBRARY ARCHIVES Kerala Legislative Assembly